പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4597 25/06/2019-ൽ മറുപടിയ്ക്ക്

## സ്വയം തൊഴിൽ നഷ്ടപരിഹാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ : | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സ്വയം തൊഴിലിൽ ഏർപ്പെടുവാനുള്ള അപേക്ഷ സമർപ്പിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും അനുമതി നല്കാത്തതിനാൽ, ശ്രീ. സദാനന്ദൻ ,ലെനി ലെയം വീട്, ചേപ്പാട്, ആലപ്പുഴ എന്ന വ്യക്തിയ്ക്ക് 2.5 ലക്ഷം രൂപ നഷ്ടപരിഹാരം നല്കണമെന്ന് 2017 ആഗസ്റ്റ് മൂന്നാം തീയതി ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; | (എ) സ്വയം തൊഴിലിൽ ഏർപ്പെടുവാനുള്ള അപേക്ഷ സമർപ്പിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും അനുമതി നല്കാത്തതിനാൽ, നഷ്ടപരിഹാരം നല്കണമെന്നാവശ്യപ്പെട്ട് ശ്രീ.സദാനന്ദൻ, ലെനി ലെയം വീട്, ചേപ്പാട്, ആലപ്പുഴ എന്നയാൾ ദേശീയ മനുഷ്യാവകാശ കമ്മീഷൻ മുൻപാകെ സമർപ്പിച്ച 514/11/1/2013 നമ്പർ കേസിൽ 03/08/2017-ൽ പുറപ്പെടുവിച്ച വിധിന്യായ പ്രകാരം, ടിയാന് 2.5 ലക്ഷം രൂപ നഷ്ടപരിഹാരം നല്കണമെന്ന് HRMP 2518/2011 നം. കേസിലെ 12/10/2011 ലെ വിധിന്യായ പ്രകാരം, സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ വിധിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ, പരാതിക്കാരന് തുടർന്നും പരാതിയുള്ള പക്ഷം സംസ്ഥാന മനുഷ്യാവകാശ കമ്മീഷനെ സമീപിക്കാവുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിൻ പ്രകാരം പരാതിക്കാരന് നഷ്ടപരിഹാരമായി 25,000/- രൂപ ഗവൺമെന്റ് നല്കണമെന്നും ഈ തുക കുറ്റക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും ആനുപാതികമായി സർക്കാർ ഈടാക്കണമെന്നുമാണ് ഉത്തരവായിരുന്നത്. മേൽ വൈരുദ്ധ്യം സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുകയും തുടർന്ന് 02/04/2018 ലെ എച്ച്.ആർ.എം.പി.നമ്പർ |

513/18/എഎൽപി നമ്പർ ഉത്തരവ് പ്രകാരം ശ്രീ. സദാനന്ദന് ആലപ്പുഴ ജില്ലാ കളക്ടർ നൽകേണ്ട നഷ്ട പരിഹാരം 25.000/- രൂപ തന്നെയാണെന്നും. 2.5 ലക്ഷം രൂപയല്ലെന്നും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും മേൽ തുക ഈടാക്കുന്നതിന് ആലപ്പുഴ ജില്ലാ കളക്ടർ നടപടി സ്വീകരിക്കണമെന്നും വ്യക്തമാക്കി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. മേൽ ഉത്തരവിന്റെ പകർപ്പ് സഹിതം അനന്തര നടപടി സ്വീകരിക്കുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടർക്ക് 24/04/2018 ലെ തൊഴിൽ-എച്ച്1/203/2017-തൊഴിൽ കത്ത് പ്രകാരം നിർദ്ദേശം നല്കിയിരുന്നു.

(ബി) ഇത് സംബന്ധിച്ച് ആലപ്പുഴ ജില്ലാ കളക്ട്റേറ്റിലെ കെ2/28042/18 ഫയലിൽ തീരുമാനം വൈകുന്ന സാഹചര്യമെന്താണ്;

(ബി) ശ്രീ. സദാനന്ദൻ സ്വയം തൊഴിൽ വായ്പ ലഭിക്കുന്നതിനായി നല്കിയ അപേക്ഷയിൽ യഥാസമയം തീരുമാനം കൈക്കൊള്ളാതിരുന്ന ഉദ്യോഗസ്ഥർ ആരൊക്കെയാണ് എന്നത് സംബന്ധിച്ചുള്ള ഫയലാണ് ആലപ്പുഴ ജില്ലാ കളക്ട്റേറ്റിലെ കെ2/28042/18 നമ്പർ ഫയൽ. വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരാണെന്നത് സംബന്ധിച്ച് ആലപ്പുഴ ജില്ലാ കളക്ട്റേറ്റിലെ ഇൻസ്പെക്ഷൻ വിഭാഗത്തിൽ നിന്ന് അന്വേഷണം തുടർന്നു വരുന്നു. 1990-91 കാലഘട്ടത്തിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരവും നിലവിലെ മേൽ വിലാസവും അന്വേഷിച്ച് അറിയിക്കുവാൻ കാർത്തികപ്പള്ളി തഹസീൽദാർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതാണെന്നും ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് നല്കിയിട്ടുണ്ട്.

| | |
|---|---|
| (സി) സദാനന്ദന് മനുഷ്യാവകാശ കമ്മീഷൻ വിധിച്ച പ്രകാരമുള്ള നഷ്ടപരിഹാരം അടിയന്തിരമായി നല്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) അർഹമായ തുക ലഭ്യമാക്കുന്നതിന് ഇതിനകം തന്നെ സർക്കാരിൽ നിന്നും നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ